(ബി) സുനാമി ദുരിതാശ്വാസ പ്രവർത്തനത്തിന് തൃശ്ശൂർ ജില്ലയിൽ 1000 ടൺ അരി അനുവദിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

എ.ആർ.വൈ. പദ്ധതി നടത്തിപ്പ്

28(1502) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിൽ എ.ആർ.വൈ. പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

ഗ്രാമവികസന വകുപ്പിൽ എ.ആർ.വൈ. പദ്ധതി നടപ്പിലാക്കുന്നില്ല.

തൃശ്ശൂർ ജില്ലയിലെ ആർ.ഐ.ഡി.എഫ്. പദ്ധതികൾ

29(1503) ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ സഹായമുള്ള ആർ.ഐ.ഡി.എഫ്. പദ്ധതികളിലെ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ചേർപ്പ്, അന്തിക്കാട് ബ്ലോക്കുകളിൽ ആർ.ഐ.ഡി.എഫിൽ എത്ര വർക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ചേർപ്പ് ബ്ലോക്കിൽ ശാസ്താംകടവ്-മനക്കൊടി റോഡിന്റെ നിർമ്മാണം പകുതിയിൽ നിർത്തിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ റോഡിന്റെ നിർമ്മാണത്തിന് എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെട്ട 17 റോഡുപ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

---

† അനുബന്ധം - VI

LIBRARY ARCHIVES Kerala Legislative Assembly